
ഗവ . എച്ച് എസ് എസ് വള്ളിക്കീഴ്
കുട്ടിട്ടം
ഇ - മാഗസിൻ 2018 -19
little KITEs

## താളുകൾ മറിയുമ്പോൾ

എഡിറ്റോറിയൽ....................................................................................................3
എഡിറ്റോറിയൽ ബോർഡ്.......................................................................................4
COLOUR KITES..................................................................................................7
മാതൃഭാഷയ്ക്ക് വിദ്യാഭ്യാസത്തിലുള്ള....................................................................8
സ്ഥാനം..............................................................................................................8
നക്ഷത്രങ്ങൾ ജനിക്കുന്നു......................................................................................10
ചിത്രശേഖരം......................................................................................................11
ചിത്രകലാ മികവ്..................................................................................................13
കരുണ................................................................................................................14
പ്രളയ കേരളം.....................................................................................................17
Did you know?...................................................................................................19
Riddles................................................................................................................20
ക്വിസ്..................................................................................................................21
സംഗീതം............................................................................................................22
വലുതും ചെറുതും...............................................................................................23
വിദ്യാലയ പ്രതിഭകൾ...........................................................................................24
മഹത് വചനങ്ങൾ................................................................................................27
വിദ്യാർത്ഥികളും അച്ചടക്കവും.............................................................................29
.........................................................................................................................30
പഴഞ്ചൊല്ലുകൾ...................................................................................................30
മത്സരിക്കാൻ ഒരു കമ്പ്യൂട്ടർ..................................................................................31
महत् वचन...........................................................................................................33
महत् वचन...........................................................................................................34

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

# എഡിറ്റോറിയൽ

പട്ടത്തെപോലെ ഉയരങ്ങളിലേക്കാണ് ഞങ്ങൾ പാറിപറക്കുന്നത്. മറ്റു പട്ടങ്ങൾ ഞങ്ങളെ തളർത്തുന്നില്ല , മറിച്ച് ഞങ്ങളെ ഏറെ പ്രോത്സാഹിപ്പിക്കുകയാണ്.

അനന്തവിഹായസിലേക്ക് ചേക്കേറുന്ന പട്ടത്തിന് ബലംനൽകുന്ന നൂലുപോലെ ഞങ്ങളുടെ ഈ നേട്ടത്തിന് ബലംനൽകുന്ന ഞങ്ങളുടെ അധ്യാപകർ. '**കുട്ടിപട്ടം**' മാഗസിൻ ഒരു പൂർണ്ണ വിജയമാക്കാൻ ഞങ്ങൾക്ക് പിന്തുണയും പ്രചോദനവും നൽകുന്ന ഞങ്ങളുടെ അധ്യാപകരുടെ മനസ്സ്, അവരുടെ നന്മ അത് പറയാതിരിക്കാനാവില്ല. കുട്ടികൾക്ക് *ഐ.റ്റി* മേഖലയിൽ പ്രാഗൽഭ്യം ലഭ്യമാക്കുന്നതിനുള്ള ഞങ്ങളുടെ അധ്യാപകരുടെ പ്രചോദവും പരിശ്രമവും ഒന്നുകലർന്നതാണ് ഞങ്ങളുടെ മാഗസിൻ. സാങ്കേതിക വിദ്യ നമ്മുടെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചിരിക്കുന്നു എന്നതിന്റെ ഉത്തമോദാഹരണമാണ് ഇന്നത്തെ നമ്മുടെ സാമ്പത്തിക വളർച്ച. വിവരവിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുട്ടിപ്പട്ടങ്ങളുടെ കലാവിരുന്ന് ഉൾപ്പെടുത്തി ഞങ്ങൾ തയാറാക്കിയ ഈ മാഗസിൻ അറിവിന്റെ പുതുലോകം നമ്മുടെ മുന്നിൽ തുറന്നുകാട്ടുന്നു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും അധ്യാപകരുടെയും കൂട്ടായ പ്രയത്നഫലമായിയുണ്ടായ 'കുട്ടിപ്പട്ടം' ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.

***ആനന്ദകരമായ വായന ആശംസിക്കുന്നു..........***

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

# എഡിറ്റോറിയൽ ബോർഡ്



ഗവ.എച്ച്.എസ്.വള്ളിക്കീഴ്

# സന്ദേശം



കുട്ടികൾ ഇന്ന് വളരെയേറെ പ്രതീക്ഷയുള്ള ഒരു സമൂഹത്തിന്റെ ഭാഗമാണ്. സ്വഭാവം,ചിന്താരീതി,സാമൂഹിക പ്രതിബദ്ധത എന്നിവയിൽ അവർ സമൂഹത്തിന് മാതൃയാകേണ്ടതാണ്.അതിനുതകുന്ന വിദ്യാഭ്യാസമാണ് ഇന്ന് സർക്കാർ വിദ്യാലയങ്ങൾ നൽകുന്നത്. ഹൈടെക് വിദ്യാഭ്യാസരീതിയുടെ പ്രയോജനങ്ങൾ അവർ ഉൾക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവാണ് 'കുട്ടിപ്പട്ടം' എന്ന ഇ-മാഗസിൻ.ലിറ്റിൽ കൈറ്റസിന്റെ ആദ്യ മാഗസിൻ 'കുട്ടിപ്പട്ടത്തിന് 'എല്ലാ ഭാവുകങ്ങളും.നമ്മുടെ വിദ്യാലയത്തിലെ എല്ലാ വിദ്യാത്ഥികളും കുട്ടിപ്പട്ടങ്ങളെ പോലെ പറന്നുയരട്ടെ ..........

മിനി എൽ (എച്ച്.എം)
ഗവ.എച്ച്.എസ്.എസ്.വള്ളിക്കീഴ്

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



ഗവ.എച്ച്.എസ്.വള്ളിക്കീഴ്

# COLOUR KITES

*Red kites , blue kites, flying by*

*Yellow kites, green kites, sailing in the sky*

*They fly high and they fly low*

*Twirling, whirling, round they go*

*Red kites , blue kites, flying by*

*Yellow kites, green kites, sailing in the sky!*

*Aleshaya R*

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

# മാതൃഭാഷയ്ക്ക് വിദ്യാഭ്യാസത്തിലുള്ള സ്ഥാനം



ജനിച്ച് ഭൂമിയിൽ എത്തുമ്പോൾ തൊട്ട് മരിക്കും വരെ നാം പറയുന്ന ഭാഷയാണ് നമ്മുടെ മാതൃഭാഷ . നാം അമ്മയെ സ്നേഹിക്കുന്നതു പോലെ മാതൃഭാഷയെ സ്നേഹിക്കണം.

എന്റെ മാതൃഭാഷ മലയാളമാണ്. മലയാള ഭാഷയെ പോലെ സൗന്ദര്യമുള്ള ഭാഷ വേറെയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നത് എഴുത്തച്ഛനാണ്. നാം മലയാളം പഠിക്കുമ്പോൾ നാം ലോകത്തിലെ ഭൂരിഭാഗ ഭാഷകളും പഠിക്കുന്നു എന്നാണ് എനിക്ക് തോന്നുന്നത് .

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ മാതൃഭാഷയാണ് മലയാളം . ഭാഷകളിൽ എറ്റവും വ്യത്യസ്തമായ ഭാഷയാണ് മലയാളം. മലയാളത്തിന്റെ സൗന്ദര്യത്തെ വാഴ്ത്തി പാടാത്ത ഒരു കവിയും ഇല്ല . മലയാളത്തിന്റെ സൗന്ദര്യത്തെ പറ്റി വിവരിക്കാൻ ഒരു കവിയ്ക്കും ഇന്നേവരെ സാധിച്ചിട്ടില്ല എന്നത് സത്യം .

കടലുപോലെ കിടക്കുന്ന മലയാള ഭാഷയുടെ സൗന്ദര്യം പൂർണ്ണമായി നുകരാൻ ആർക്കും സാധിച്ചിട്ടില്ല. കാരണം അത്ര മഹത്തരവും മനോഹരവുമാണ് നമ്മുടെ മലയാള ഭാഷ . മലയാള ഭാഷയെ എത്ര വിശേഷിപ്പിച്ചാലും തീരില്ല .

വിദ്യാഭ്യാസ രംഗത്ത് മാതൃഭാഷ പഠിക്കേണ്ടത് അത്യാവശ്യമാണ് . നാം മാതൃഭാഷ പഠിക്കുന്നതിനോടൊപ്പം നമ്മുടെ ഭാഷയുടെ മഹത്വവും മനസ്സിലാക്കുന്നു. അതിലൂടെ നാം ഭാഷയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

നമ്മുടെ ഭാഷയോട് സ്നേഹം ഉണ്ടെങ്കിൽ നാം ആ ഭാഷയെ ജീവനു തുല്യം സ്നേഹിക്കണം. നാം നമ്മുടെ ഭാഷയ്ക്ക് കൊടുക്കുന്ന സ്നേഹവും ആദരവുമാണ് നമ്മുടെ ഭാഷയെ ശ്രേഷ്ഠമാക്കുന്നത്. നാം വിദ്യാഭ്യാസത്തിലൂടെ പല വിഷയങ്ങളിലും ജ്ഞാനം സംഭരിക്കുന്നു. നാം എത്ര മാത്രം നമ്മുടെ മാതൃഭാഷയെ സ്നേഹിക്കുന്നോ അത്ര മാത്രം നമ്മുടെ നാടിനെയും മാതാവിനെയും സ്നേഹിക്കണം. നമ്മൾക്ക് എത്ര നിരാശ വന്നാലും നാം ആ നിരാശകൾ

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

പങ്കുവയ്ക്കുന്നത് അമ്മയോടാണ്.

എന്നാൽ ഇന്ന് മാതൃഭാഷയോടുള്ള സ്നേഹം കുറഞ്ഞു വരുന്നതായി നമുക്ക് കാണാൻ കഴിയും. നാം നമ്മുടെ മാതൃഭാഷയ്ക്ക് അമ്മയുടെ സ്ഥാനം നൽകാൻ ആഗ്രഹിക്കുന്നില്ല . അന്യഭാഷയെ നാം കൂടുതൽ ബഹുമാനിക്കുന്നു . നമ്മുടെ മാതൃഭാഷയെ സ്നേഹിക്കാനും ബഹുമാനിക്കാനും നാം മടിക്കുന്നു . എന്തെന്നാൽ നമ്മെ അന്യഭാഷ കുടുതലായി സ്വാധീനിക്കുന്നു .



“മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻ ഭാഷ താൻ ..........
ഹൃത്തിൽ പതിയണം എങ്കിൽ
സ്വഭാഷ തൻ വക്ത്രത്തിൽ നിന്നു
താൻ കേൾക്കവേണം.”

മാതൃഭാഷ  നമ്മുടെ മാതാവാണ് എന്ന് നാം മറക്കരുത് . ഭാഷയെ നാം മാതാവിനു തുല്യം സ്നേഹിക്കുക . വിദ്യാഭ്യാസത്തിൽ മാതൃഭാഷയെ കഴിഞ്ഞിട്ടേ മറ്റേതു ഭാഷയുമുള്ളൂ . മാതൃഭാഷയാണ് ഏറ്റവും മഹത്തായ ഭാഷ . അന്യഭാഷ എന്നും നമുക്ക് വിരുന്നുകാരിയാണ് . മാതൃഭാഷയെ ഒരിക്കലും നാം ഉപേക്ഷിക്കരുത് .

KARTHIKA M J

***STD :IX***

# നക്ഷത്രങ്ങൾ ജനിക്കുന്നു



മനുഷ്യൻ ഭൂമിയിൽ രണ്ടു കാലിൽ നിൽക്കാൻ തുടങ്ങിയകാലം മുതൽ ആകാശ ദൃശ്യങ്ങൾ അവനെ വിസ്മയം കൊള്ളിച്ചിട്ടുണ്ടാകണം . നിലാവില്ലാത്ത തെളിഞ്ഞ ആകാശത്തു നോക്കി മലർന്നുകിടന്നാൽ കാണുന്ന നക്ഷത്രപ്പൂക്കളുടെ എണ്ണം നമ്മെ അമ്പരപ്പിച്ചുകളയും.

നക്ഷത്രങ്ങൾക്കുമുണ്ട് ജനനവും മരണവും .നക്ഷത്രങ്ങൾ പിറവിയെടുക്കുന്ന വൻവാതകപടലങ്ങളെ നെബുലകൾ എന്നാണ് വിളിക്കുന്നത് . വാതക നെബുലകളിൽ മുഖ്യഘടകമായ ഹൈഡ്രജൻ ആറ്റങ്ങൾ സാന്ദ്രീകരിക്കാൻ തുടങ്ങുന്നതോടെയാണ് നക്ഷത്ര രൂപീകരണത്തിന് തുടക്കം കുറിക്കുന്നത്. നെബുലകളിൽ ഏതെങ്കിലും ഭാഗത്ത് പദാർത്ഥം സാന്ദ്രീകരിക്കാൻ തുടങ്ങിയാൽ അതിന് ഒറ്റയ്ക്ക് സ്ഥിതി ചെയ്യുന്ന കണങ്ങളെ അപേക്ഷിച്ച് പിണ്ഡവും ഗുരുത്വാകർഷണവും കൂടുതലായിരിക്കും. അതുകൊണ്ടുതന്നെ

സമീപത്തെ മറ്റുകണങ്ങളെക്കൂടി തന്നിലേക്ക് ആകർഷിക്കാൻ തുടങ്ങും. അതോടെ പിണ്ഡവും ഗുരുത്വാകർഷണവും പിന്നെയും കൂടും . ഈ പ്രക്രിയ അനുസ്യൂതമായി തുടരും . ദശലക്ഷക്കണക്കിനു വർഷങ്ങൾ കഴിയുന്നതോടെ ഇതിന്റെ കേന്ദ്രഭാഗത്തെ താപനില കൂടി വരും. പ്രോട്ടോസ്റ്റാറിലേക്ക് പതിച്ചുകൊണ്ടിരിക്കുന്ന കണങ്ങളുടെ ഗതികോർജ്ജമാണ് താപോർജ്ജമായി മാറിക്കൊണ്ടിരിക്കുന്നത് . കൂടുതൽ കൂടുതൽ കണങ്ങൾ മേൽക്കുമേൽ വന്നു പതിക്കുന്നതുമൂലം കേന്ദ്രഭാഗത്തെ മർദ്ദവും ഉയരാൻ തുടങ്ങും . ഈ ഉയർന്ന മർദ്ദത്തിൽ ഹൈഡ്രജൻ ന്യൂക്ലിയസുകൾ രൂപം കൊള്ളും . നാലു ഹൈഡ്രജൻ ന്യൂക്ലിയസുകൾ സംയോജിച്ച് ഒരു ഹീലിയം ന്യൂക്ലിയസ് ആകുന്ന പ്രക്രിയയാണ് ഹൈഡ്രജൻ ഫ്യൂഷൻ . ന്യൂക്ലിയർ ഫ്യൂഷൻ എന്ന ഈപ്രക്രിയ ആരംഭിച്ചതോടെ പ്രോട്ടോസ്റ്റാർ ഒരു നക്ഷത്രമായി കഴിഞ്ഞു.

നക്ഷത്രങ്ങൾക്കിടയിൽ മനുഷ്യരെപ്പോലെ തന്നെ ചെറുപ്പക്കാരും മധ്യവയസ്കരും വൃദ്ധരും വയോവൃദ്ധരും എല്ലാമുണ്ട്. ഏറ്റവും ചൂടുകൂടിയ ചെറുപ്പക്കാരായ നക്ഷത്രങ്ങൾ നീലനിറത്തിലും മധ്യവയസ്കരായ നക്ഷത്രങ്ങൾ വെള്ളനിറത്തിലും വൃദ്ധരായ നക്ഷത്രങ്ങൾ ഓറഞ്ചുനിറത്തിലും വയോവൃദ്ധരായ നക്ഷത്രങ്ങൾ ചുവപ്പുനിറത്തിലും കാണപ്പെടുന്നു. നക്ഷത്രങ്ങൾ ഉപരിതലതാപനിലയാണ് നിറവ്യത്യാസത്തിനുകാരണം.



ഒടുവിൽ നക്ഷത്രങ്ങൾ മരിക്കുന്നു. കോടിക്കണക്കിനു വർഷങ്ങളെടുക്കും ഇതിന് . നക്ഷത്രങ്ങൾക്കുള്ളിലെ ഹൈഡ്രജൻ മുഴുവൻ കത്തിതീരുമ്പോൾ അവ വികസിച്ച് ചുവന്ന ഭീമന്മാരായിതീരുന്നു. ഒടുവിൽ അവ തകർന്ന് വെള്ളകുള്ളന്മാരായിത്തീരുന്നു. ചില നക്ഷത്രങ്ങൾ സൂപ്പർനോവ എന്നറിയപ്പെടുന്ന പൊട്ടിത്തെറിയോടെ അവസാനിക്കുന്നു.

**ന്യൂട്രോൺ നക്ഷത്രങ്ങളും പൾസറുകളും തമോഗർത്തങ്ങളുമെല്ലാം നക്ഷത്രങ്ങളുടെ മൃതാവശിഷ്ടങ്ങളാണ്.**

AMULYA G R

*std VIII C*

## ചിത്രശേഖരം



# കേരളത്തിനൊരു  കൈത്താങ്ങ്




ഗവ.എച്ച്.എസ്.വെള്ളിക്കീഴ്

# ചിത്രകലാ മികവ്












# കരുണ

ഇത്തിക്കര ആറിന് വല്ലാത്ത സൗന്ദര്യമാണ്.
2-ാം നിലയിലെ ജനാലവഴി നോക്കിയപ്പോൾ കാണാം ആറിന്റെ മനോഹരമായ യാത്ര. കൊഞ്ചിയും ചിണുങ്ങിയും കല്ലുകളോട് കിന്നാരം പറഞ്ഞും പാദസരങ്ങൾ കിലുക്കിയും ഉള്ള മന്ദമായ ഒഴുക്ക് മാറി ചിലപ്പോൾ ആറ് കലുഷിതമാകാറുണ്ട്. അപ്പോൾ ആറിന്റെ രൂപം കണ്ടാൽ ഭയംതോന്നും. ആരെയും, ഇന്നത്തെ കണ്ണിൽ കാണുന്നതിനെയൊക്കെയും തട്ടി തെറിപ്പിച്ച് കൊണ്ട് കരകവിഞ്ഞൊഴുകുന്ന ആറ്. എന്തായാലും ഇപ്പോൾ ഇത്തിക്കര ആറ് ശാന്തമാണ്. 'ദൂരെനിന്ന് വരുന്നത് അനിക്കുട്ടനല്ലേ? '. 'അതെ സ്കൂൾ വിട്ടുള്ള വരവാണ്.'സാങ്കല്പികമായ ഒരു ബൈക്ക് യാത്രയിലാണ് എപ്പോഴും അനിക്കുട്ടൻ. ആക്സിലറേറ്റർ റൈസ് ചെയ്ത് സ്പീഡിൽ പാഞ്ഞ് വരുന്നുണ്ട്. ഇടയ്ക്ക് ബ്രേക്ക് ചവിട്ടി , വണ്ടി വളച്ച് ....ഹോൺ അടിച്ച് "അമ്മാമ്മേ , അമ്മാമ്മേ....”അനിക്കുട്ടൻ എത്തിക്കഴിഞ്ഞു.
"എന്താ മോനേ....”ദേവൂട്ടി മുത്തശ്ശിയുടെ നീട്ടിയുള്ള ചോദ്യം "നീ എത്തിയോ? "എന്തുട്ടാ ഇസ്കൂളില് ഇന്ന് വിശേഷം"?
മുറുക്കാൻ ചവച്ച് കുനിക്കുനി വന്ന് ഉമ്മറത്ത് കാലും നീട്ടി കാത് കൂർപ്പിച്ച് ഇരിപ്പ് പിടിച്ച് ദേവൂട്ടി മുത്തശ്ശി.
“അമ്മാമ്മേ .....അമ്മാമ്മ കണ്ടോ ?”കിതച്ചുകൊണ്ട് അനിക്കുട്ടന്റെ ചോദ്യം.
“എന്ത് കണ്ടോന്ന്"? “നീ ഇങ്ങട് വാ.....”
മുത്തശ്ശി അനിക്കുട്ടനെ അടുത്ത് പിടിച്ച് ഇരുത്തി.
"മുത്തശ്ശി ...... ഇത്തിക്കര ആറിന്റെ കിഴക്കേക്കരയിൽ മുഴുവൻ നാടോടികൾ".
“നാടോടികളോ"?
"അതെ കുറെ ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും ഒക്കെ...." അനിക്കുട്ടന്റെ കണ്ണുകൾ കൗതുകത്താൽ വിടർന്നിരുന്നു.
"അതെയോ" ?
"ഉം ...... അവർക്ക് അടുപ്പും പാത്രങ്ങളും ഒക്കെയുണ്ട്. അവർ ആഹാരം ഉണ്ടാക്കുന്നുണ്ട്. കുട്ടികളൊക്കെ കളിയാണ് ആറ്റിൻ കരയിൽ ....”! അനിക്കുട്ടന്റെ ദൃഷ്ടി ആറ്റിൻ കരയിലേയ്ക്ക് തന്നെ നിലയുറപ്പിച്ചിരുന്നു.
“മുത്തശ്ശി വാ...ഞാൻ കാണിച്ച് തരാണ്ട്.” അനിക്കുട്ടൻ മുത്തശ്ശിയുടെ കൈപിടിച്ച് വലിച്ചു.
“പാവം......മൂന്ന് കുഞ്ഞങ്ങളാണ് ഒരുത്തിക്ക്. മൂന്നും നാലും രണ്ടും വയസ്സ്. ഒന്നിനെ സാരിക്കകത്ത് കെട്ടികിടത്തിയിട്ടുണ്ട്.” മുത്തശ്ശി മുറുക്കാൻ ഇടി തുടർന്നു. "നല്ല മുഖശ്രീയുള്ള കുട്ടികൾ, അവറ്റകൾക്ക് ഇടാൻ നല്ല വസ്ത്രം കൂടിയില്ല.

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

രാത്രിമാത്രമാണ് അവറ്റകൾ ആഹാരം ഉണ്ടാക്കുക."
അനിക്കുട്ടൻ മുറുക്കാൻ ഇടി ശ്രദ്ധിച്ചിരുന്നെങ്കിലും കാതുകൾ മുത്തശ്ശിയുടെ വർത്തമാനത്തിലായിരുന്നു കൂർപ്പിച്ചിരുന്നത്.
"എടി തങ്കമണീ , നമ്മുടെ ശ്രീക്കുട്ടിയുടെ ഉടുപ്പുകൾ അല്പസ്വല്പം കേടുവന്നതൊക്കെ എടുത്ത് ആ കുട്ട്യോൾക്ക് കൊടുക്കുക."
"എന്തെങ്കിലും ആഹാരം ബാക്കിവരുന്നതുമൊക്കെ അവറ്റകൾക്ക് അങ്ങട് കൊടുക്കുക , പുണ്യംകിട്ടും..... പാവങ്ങൾ."
"മുത്തശ്ശീ ഞാൻ കൊണ്ട് കൊടുക്കാം". അനിക്കുട്ടന് ഉത്സാഹമായി.
"വേണ്ട, വേണ്ട ..... നീ ആ പണിക്കൊന്നും പോവണ്ട. ഞാനാ തങ്കപ്പന്റെ കൈയിലെങ്ങാനും കൊടുത്തു വിട്ടോളാം. കൊടുക്കാഞ്ഞാൽ ഇനി ഇപ്പോ അമ്മ സൈ്വര്യം തരലുണ്ടാനില്ല." അമ്മ അല്പം ദേഷ്യത്തിലാണ്. "ഈ അമ്മക്കെന്താ ആ കുട്ട്യോളോട് ദയവില്ലാത്തത് " ? അനിക്കുട്ടൻ ചിന്തിച്ചിരുന്നു.

ഇപ്പോൾ നാടോടികൾക്ക് ഭക്ഷണവും തുണികളുമൊക്കെ കക്കാട്ട് വീട്ടിൽനിന്നാണ്. ദേവൂട്ടി മുത്തശ്ശിക്ക് അവറ്റകളോട് ദയവാണ്. 3 കുട്ടികളുടെ അമ്മ സ്ഥിരം കക്കാട്ട് വീട്ടിന്റെ തിണ്ണയിൽ വന്നിരുന്ന് അവരുടെ ജീവിതവും കഷ്ടതകളുമൊക്കെ വിവരിക്കാറുണ്ട്. മുത്തശ്ശി വെറ്റമുറുക്കി കാലും നീട്ടി കഥകൾ കേട്ടിരിക്കും. "പാവങ്ങൾ ,തലചായ്ക്കാൻ ഭൂമിയിൽ ഒരിടം പോലുമില്ലാത്ത ഗതികെട്ടവർ". മുത്തശ്ശിയുടെ അഭിപ്രായത്തോട് അനിക്കുട്ടനും യോജിക്കുന്നു.
"പക്ഷേ അമ്മയ്ക്ക് മാത്രം എന്താണ് അവറ്റകളോട് ഇത്രദേഷ്യം" അനിക്കുട്ടൻ നീരസത്തോടെ ചിന്തിച്ചു. സ്കൂളിൽ നിന്ന് ഇറങ്ങിയപ്പോൾ താമസിച്ചു. ക്രിസ്തുമസ് കേക്ക് പങ്കുവച്ച് കഴിച്ച് കഴിഞ്ഞപ്പോൾ ലേറ്റ് ആയി. അമ്മ ഇപ്പോൾ ജനാല വഴി നോക്കി നിൽക്കുന്നുണ്ടാവും. അനിക്കുട്ടൻ സാങ്കൽപ്പികമായ ബൈക്ക് സ്റ്റാർട്ട് ചെയ്ത് ചീറിപ്പാഞ്ഞു . ആറിന്റെ കരയിലും വീടിന്റെ പരിസരത്തുമൊക്കെ എന്താണ് ഇത്ര തിരക്ക് ? അയലത്തെ ഉണ്ണിമാമനും കറവക്കാരൻ കൊച്ചുണ്ണിയുമൊക്കെ എന്തോ സീരിയസ്സായി ചർച്ച ചെയ്യുന്നുണ്ടല്ലോ: എന്താവും? മുത്തശ്ശി.....! മുത്തശ്ശിക്ക് വല്ലതും?! "മനസ്സിലൂടെ ഒരു കൊള്ളിയാൻ പാഞ്ഞ് പോയി. ഒറ്റയോട്ടത്തിന് അനിക്കുട്ടൻ വീട്ടിനു മുന്നിലെത്തി.
മുത്തശ്ശിയെ കാറിൽ എടുത്തു കയറ്റുന്നു
"മുത്തശ്ശി....മുത്തശ്ശി "..... അനികുട്ടൻ നിലവിളിച്ചു ."ഒന്നുമില്ല , മോനെ....മുത്തശ്ശി തലചുറ്റി വീണതാണ് "

ആരോ തോളിൽ പിടിച്ചു ആശ്വസിപ്പിച്ചു.

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

അൽപ്പം ആശ്വസം ! അനിക്കുട്ടൻ മുത്തശ്ശിയെ നോക്കി .
ചുറ്റിനും നോക്കി .
ഓടിക്കയറി വന്ന സുമതിയേടത്തിയോട് തങ്കപ്പൻ ചേട്ടൻ പറഞ്ഞു "ദേവൂട്ടി മുത്തശ്ശീടെ കറവപശുവിനെ കാണാനില്ലത്രേ.....
ആറ്റിൻകരയിൽ നാടോടിക്കൂട്ടത്തെയും കാണാനില്ല"!!!!

**രാജി പി**
**യു.പി.എസ് .എ**



# പ്രളയ കേരളം

ദൈവത്തിന്റെ സ്വന്തം കേരളനാട് , ഇന്ന്
പ്രളയത്തിന്റെ സ്വന്തം കേരളനാട്
തിരിച്ചടിച്ച പ്രകൃതി നമ്മോട്
ഓർക്കുക ഈ തിരിച്ചടികൾ വല്ലപ്പോഴും......
ഒരായുസ്സുമുഴവൻ വിയർപ്പ് ഒഴുക്കിയത്
വെറും വെള്ളത്തുള്ളികളായി
പ്രശസ്തിയും പണവും ജാതി മതവും
ഒരു വെള്ളപ്പാച്ചിലിൽ ഒലിച്ച പോയി
ജാതിമതഭേദം ഒന്നുമില്ലാതെ
ഒരൊറ്റക്കുടിയിൽ കഴിഞ്ഞു മനുഷ്യരൊന്നായി.......
വൻനിലക്കെട്ടിടങ്ങൾ ഇടിഞ്ഞുമറിഞ്ഞത്
കണ്ടുനിൽക്കാം........
സർവ്വം സഹയല്ല ഭൂമിയെന്ന് തിരിച്ചറിയാം
ഇനിയും അരുതേ ഈ ക്രൂരതകൾ
ഇനിയും അരുതേ ഈ ഭൂമിയോട്
ശൂന്യമായി ഈ കേരളം...........
ഒന്നൊന്നായി തിരിച്ചെടുക്കാം
കൈ അഴിയാതെ സഹായിക്കാൻ
കൈ അഴിയാതെ കോർത്ത് നിന്നു കേരളം ......

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

കേരളം ഒന്നാകേ , കൂട്ടനിന്നു

നവകേരളത്തെ സൃഷ്ടിക്കുവാൻ

അരുതേ അരുതേ, ഇനിയുമൊരു ഭാരം

താങ്ങില്ല

ആരും  കാണാത്ത  വൻ ദുരന്തം

സഹിച്ച  മനുഷ്യരെ വന്ദിക്കണം



**മന്യ എം. ലാൽ 9B**

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

# Did you know?

1. “A thing of beauty is a joy forever”,who said these words?
   John Keats
2. Who is the author of “Malgudi days”?
   R.K.Narayan
3. Who is known as the 'Epic poet'?
   John Milton
4. The first Indian woman writer to win a Booker prize?
   Arundathi Roy
5. Whose autobiography is “My music, My life”?
   Pandit Ravi Shankar
6. Who created the popular cartoon 'Mickey mouse'?
   Walt Disney
7. Who is the author of the famous book “Alice's adventures in wonderland”?
   Lewis Carroll
8. Who is known as the “Father of English poetry”?
   Arnold
9. What is the nationality of Robert Louis Stevenson,author of “Treasure Island”?
   Scottish
10. Who is the first non-Europeon to win a Nobel Prize in literature?
    Rabindranath Tagore

Deepasree.S
10.C

# Riddles

1. What starts with a 'T',end with a 'T' and has a 'T' in it?
    Teapot
2. What is yours but your friends use it more than you do?
    Your name
3. Feed me and I live,yet give me a drink and I die?
    Fire
4. What always ends with everything?
    The letter 'G'
5. What word becomes shorter when you add two letters to it?
    Short
6. The more you take,the more you leave behind..
    Footsteps
7. Which becomes white when it becomes dirty?
    Blackboard
8. What word of five letters has one left when two letters are removed?
    Stone
9. If you drop a yellow hat in the red sea what will it become?
    Wet
10.Say my name and I disappear..
    Silence

Manjima Raveendran
10.C

# ക്വിസ്

1 കലാകാരൻമാരിൽ രാജാവും രാജാക്കൻമാരിൽ കലാകാരനും എന്നറിയപ്പെടുന്ന സംഗീതജ്ഞൻ ?

മഹാരാജാ ശ്രീ സ്വാതിതിരുനാൾ

2 “ഓമനതിങ്കൾകിടാവോ " എന്ന തുടങ്ങുന്ന എക്കാലത്തേയും മികച്ച താരാട്ട് പാട്ട് രചിച്ചത് ?

ഇരയിമ്മൻ തമ്പി

3 കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികൾ എന്നറിയപ്പെടുന്നത് ?

ത്യാഗരാജസ്വാമികൾ . ശ്യാമശാസ്ത്രികൾ മുത്തുസ്വാമിദീക്ഷിതർ

4 കേരളത്തിലെ പ്രശസ്തനായ ഒരു സംഗിതജ്ഞന്റെ ഓർമ്മക്കായി വർഷം തോറും ഗുരുവായൂരിൽ സംഗീതോത്സവം നടത്തി വരുന്ന ഏതു സംഗീതജ്ഞന്റെ ഒർമ്മക്കായി ആണ് ഇത് നടത്തുന്നത് ?

ചെമ്പൈ വൈദ്യനാഥ ഭാഗവതർ

സുഭദ്ര. പി 9 സി

ഗവ.എച്ച്.എസ്.വള്ളിക്കീഴ്



# സംഗീതം

*"ജപകോടി ഗുണം ധ്യാനം*
*ധ്യാനകോടി ഗുണം ലയം*
*ലയ കോടി ഗുണം ഗാനം*
*ഗാനാത്പരതരം നഹി "*
*"ശിശുർവേത്തി പശുർവേത്തി വേത്തി ഗാനം രസം ഫണി "*


ശിശുക്കളെയും പശുക്കളെയും ഒരു പോലെ രസിപ്പിക്കുന്നതാണ് ഗാനം. മനുഷ്യജീവിതത്തിന്റെ ഒരു മഹാഭാഗ്യമാണ് സംഗീതം. നല്ല ഗുണങ്ങളെ പരിപോഷിപ്പിക്കാൻ സംഗീതം പോലെ മഹത്തായ മറ്റൊരു കലയില്ല . ഒരു ജനതയുടെ സംസ്കാരത്തിൽ സംഗീതത്തിന് സുപ്രധാന സ്ഥാനമുണ്ട് . ഒരു സാർവലൗകിക ഭാഷ എന്ന നിലയിലും സകലരും അംഗീകരിക്കുകയും ആസ്വദിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ഉത്തമകല എന്ന നിലയിലും സംഗീതത്തിന്റെ സ്വീകാര്യത വേറെ ഒരു കലയിലും സിദ്ധിച്ചിട്ടില്ല. മാനസിക സമ്മർദ്ദങ്ങളിൽ നിന്നു മാത്രമല്ല കഠിനമായ ശാരീരിക രോഗങ്ങളിൽ നിന്നു പോലും സൗഖ്യം നൽകുവാൻ സംഗീതത്തിനു കഴിയുമെന്നത് ശാസ്ത്രം പോലും അംഗീകരിച്ച സത്യമാണ്. സംഗീതം എന്ന നന്മ എല്ലാവരിലുമുണ്ട്. നമ്മിലെ സംഗീത സംസ്കാരത്തെ കണ്ടെത്തണമെന്നു മാത്രം. ഇത് ജീവിത മൂല്യങ്ങളെ തിരിച്ചറിഞ്ഞ് അവയെ ഉൾക്കൊള്ളാനും,ജീവിതത്തെ ഉന്നതിയിലേക്ക് നയിക്കാനും സഹായിക്കുന്നു.



സംഗീതം വികാരത്തിന്റെ ഭാഷയാണ്. കേൾക്കാൻ ഇമ്പമുള്ള ശബ്ദസമൂഹങ്ങൾ ഹൃദയത്തിൽ ഉത്തമ വികാരങ്ങളുളവാക്കി, ആനന്ദം ഉണ്ടാക്കുകയെന്നതാണ് ഈ കലയുടെ ലക്ഷ്യം. ഒരു കവി തന്റെ ആശയങ്ങളെ വാക്കുകളിലൂടെ പ്രകടമാക്കുന്നതുപോലെ,ഒരു ചിത്രകാരൻ തന്റെ ഭാവന കടലാസിൽ പകർത്തുന്നതുപോലെ, ഒരു ശില്പി കല്ലിലോ, മരത്തിലോ, ലോഹത്തിലോ തന്റെ ആശയം പ്രകടിപ്പിക്കുന്നതു പോലെ, ഒരു സംഗീതജ്ഞൻ അവന്റെ വികാരങ്ങളെ ശബ്ദവ്യത്യാസങ്ങളുടെ സഹായത്തോടെ ഗാനരൂപത്തിൽ പ്രകടിപ്പിക്കുന്നു. വികാരങ്ങളുടെ ഭാഷയായതുകൊണ്ട് സംഗീതത്തിന് മനുഷ്യരെ മാത്രമല്ല , പക്ഷിമൃഗാദികളെപ്പോലും ആകർഷിക്കാൻ സാധിക്കുന്നു. എല്ലാവരിലും ആനന്ദാനുഭൂതിയുണ്ടാക്കാൻ സംഗീതത്തിന് മറ്റേതുകലയെക്കാളും കഴിവുണ്ട്.

പ്രേമലത.ബി
സംഗീത അദ്ധ്യാപിക

# വലുതും ചെറുതും




1. ഏറ്റവും വലിയ മൂലകമേത് ?

ഫ്രാൻസിയം

2. ഏറ്റവും ചെറിയ മൂലകം ?

ഹീലിയം

3. ഏറ്റവും ലളിതഘടനയുള്ള മൂലകം?

ഹൈഡ്രജൻ

4.ഏറ്റവും സാന്ദ്രതയുള്ള മൂലകം?

ഓസ്മിയം

5.ഏറ്റവും റിയാക്ടീവ് ആയ മൂലക ലോഹം ?

സീഷിയം

6.ഏറ്റവും കൂടുതൽ സംയുക്തങ്ങളുണ്ടാകുന്ന മൂലകം ?

കാർബൺ.

7. ഏറ്റവും റേഡിയോ ആക്ടീവ് ആയ മൂലകം ?

പൊളോണിയം.

8. മനുഷ്യൻ ആദ്യമായി നിർമ്മിച്ച കൃത്രിമ മൂലകം ?

ടെക്നീഷ്യം

9. പ്രപഞ്ചത്തിൽ ഏറവും അപൂർവമായിട്ടുള്ള മൂലകം ?

അസറ്റാറ്റിൻ

10. ഏറ്റവും കൂടിയ മെൽറ്റിങ് പോയിന്റ് ഉള്ള മൂലകം ?

ടങ്സ്റ്റൺ

11. ഏറ്റവും കുറഞ്ഞ മെൽറ്റിങ് പോയിന്റ് ഉള്ള മൂലകം ?

ഹീലിയം

12. ഏറ്റവും കൂടിയ സാന്ദ്രതയുള്ള മൂലകം ?

ഓസ്മിയം

അഥീന മറിയം സേവ്യർ 9C

## വിദ്യാലയ പ്രതിഭകൾ



രശ്മി രഘുനാഥ്  9c (മോണോ ആക്റ്റ് -സംസ്ഥാന തലം 1 എ ഗ്രേഡ്)



ചിഞ്ചു ലക്ഷ്മി.ആർ 10A



സ്നേഹ എം 10A



ആൻ  മരിയ   10B

പ്രവൃത്തി പരിചയ മേളയിൽ സംസ്ഥാനതല എ ഗ്രേഡ്

| MATHS MAGIC | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| x | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 2 | 2 | 4 | 6 | 8 | 10 | 12 | 14 | 16 | 18 | 20 |
| 3 | 3 | 6 | 9 | 12 | 15 | 18 | 21 | 24 | 27 | 30 |
| 4 | 4 | 8 | 12 | 16 | 20 | 24 | 28 | 32 | 36 | 40 |
| 5 | 5 | 10 | 15 | 20 | 25 | 30 | 35 | 40 | 45 | 50 |
| 6 | 6 | 12 | 18 | 24 | 30 | 36 | 42 | 48 | 54 | 60 |
| 7 | 7 | 14 | 21 | 28 | 35 | 42 | 49 | 56 | 63 | 70 |
| 8 | 8 | 16 | 24 | 32 | 40 | 48 | 56 | 64 | 72 | 80 |
| 9 | 9 | 18 | 27 | 36 | 45 | 54 | 63 | 72 | 81 | 90 |
| 10 | 10 | 20 | 30 | 40 | 50 | 60 | 70 | 80 | 90 | 100 |

ARATHY X C

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

## മഹത് വചനങ്ങൾ

1. എന്റെ ജീവിതമാണ് വേണ്ട സന്ദേശം - മഹാത്മാഗാന്ധി
2. സ്വരാജ്യം എന്റെ ജന്മാവകാശമാണ് - ബാലഗംഗാധരതിലക്
3. മതമേതായാലും മനുഷ്യൻ നന്നായാൽ മതി - ശ്രീനാരായണ ഗുരു
4. ജീവിതം ഒരു നാടകമാണ് - ഷേക്സ്പിയർ
5. ആഗ്രഹങ്ങളാണ് സർവ ദുഃഖങ്ങൾക്കും കാരണം - ശ്രീബുദ്ധൻ
6. മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു.
   എന്നിട്ടും എല്ലാ ഇടവും അവൻ ചങ്ങലയിലാണ് - റൂസ്സോ
7. അസാധ്യമായതൊന്നുമില്ല - നെപ്പോളിയൻ
8. അഹിംസയാണെന്റെ മതം,സത്യമാണെന്റെ സമരായുധം - മഹാത്മാഗാന്ധി
9. ഒരു തെറ്റിനെക്കുറിച്ചും ബോധമില്ലാതിരിക്കുകയാണ് ഏറ്റവും വലിയ തെറ്റ് - കാർലൈൽ
10. സമയം പറന്നു പോകും കല അനശ്വരമാണ് - ടോൾസ്റ്റോയ്

*അവന്തിക ബിജു XC*

# നിങ്ങൾക്കറിയാമോ..?

1. ത്രിമൂർത്തികൾ - ബ്രഹ്മാവ്, വിഷ്ണു, ശിവൻ
2. യുഗങ്ങൾ -കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം
3. ചതരാശ്രമങ്ങൾ - ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം
4. പുരുഷാർത്ഥങ്ങൾ - ധർമ്മം, അർത്ഥം, കാമം, മോക്ഷം
5. ഋതുക്കൾ - വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം
6. ചതുർദശകൾ - ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം
7. പഞ്ചമാതാക്കൾ - ഗുരുപത്നി, രാജപത്നി, ജ്യേഷ്ഠപത്നി, പത്നീമാതാ, സ്വമാതാ
8. പഞ്ചഭൂതം - ഭൂമി, ജലം, തേജസ്, വായു, ആകാശം
9. നവരത്നങ്ങൾ - മുത്ത്, മാണിക്യം, വൈഡൂര്യം, ഗോമേതകം, വജ്രം, പവിഴം,ഇന്ദ്രനീലം, മരതകം, പത്മരാഗം
10. ദശാവതാരം - മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, കൃഷ്ണൻ, കല്ക്കി

അച്ചു .എസ് 10 C

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

# വിദ്യാർത്ഥികളും അച്ചടക്കവും

ഒരു രാഷ്ട്രത്തിന്റെ സർവതോമുഖമായ പുരോഗതിയിൽ നിർണ്ണായക സ്ഥാനമാണ് വിദ്യാഭ്യാസത്തിനുള്ളത്. വിദ്യാഭ്യാസത്തിന്റെ പരമമായലക്ഷ്യം വിജ്ഞാന സമ്പാദനമാണല്ലോ. വിജ്ഞാനത്തോടൊപ്പം സദാചാരബോധവും സംസ്കാരവും വളർത്തിയെടുക്കാൻ വിദ്യാഭ്യാസം ഉപകരിക്കണം. അതിന് അച്ചടക്കം ആവശ്യമാണ്.

എന്താണ് അച്ചടക്കം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്? ആരെങ്കിലും പറയുന്ന തെന്തും അനുസരിക്കുക എന്നതല്ല, ഹൃദയത്തിലുദിക്കുന്ന ധാർമ്മിക ബോധത്തിന്റെ ഫലമായി ഒരുവൻ അവന്റെ പ്രവൃത്തിയെത്തന്നെ നിയന്ത്രിക്കുന്ന അവസ്ഥയെയാണ് അച്ചടക്കം എന്ന് പറയുന്നത്.ഇതൊരാത്മനിയന്ത്രണമാണ്.ഈ ആത്മ നിയന്ത്രണം ഹൃദയത്തെയും അതിന്റെ ചേഷ്ടകളെയും ശുദ്ധീകരിക്കുന്നു.രാഷ്ട്രപുനർനിർമ്മാണത്തിൽ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ച് തന്റെ കർത്തവ്യം വിജയകരമായി പൂർത്തീകരിക്കാൻ അച്ചടക്കമുള്ള ഒരു വിദ്യാർത്ഥിക്ക് മാത്രമേ കഴിയൂ.

ഇന്നത്തെ വിദ്യാർഥിയാണ് നാളത്തെ പൗരൻ.അവൻ അവന്റെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചാൽ അവനും രാഷ്ട്രത്തിനും വലിയ നഷ്ടമാണ്.അച്ചടക്കബോധമില്ലാത്ത വിദ്യാർത്ഥി സമൂഹത്തിന്റെ തീരാശാപമാണ്. ഇങ്ങനെയുള്ള വിദ്യാർത്ഥികളാണ് പലപ്പോഴും പല കുഴപ്പത്തിനും കാരണക്കാർ . അച്ചടക്കബോധമില്ലാതെയാണ് ഒരു വിദ്യാർത്ഥി വളർന്നു വരുന്നതെങ്കിൽ അവൻ സാമൂഹ്യദ്രോഹിയും സമൂഹത്തെയും രാജ്യത്തെയും കാർന്നു തിന്നുന്ന ഇത്തിൾക്കണ്ണിയുമായിരിക്കും.

ശാന്തവും സമാധാനപരവുമായ ഒരു കലാലയാന്തരീക്ഷത്തിനു മാത്രമേ ഒരു നല്ല വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കൂ.അച്ചടക്കത്തോടും ആചാരമര്യാദയോടും കൂടി പഠിച്ചു വരുന്ന ഒരു വിദ്യാർത്ഥി സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും മുതൽക്കൂട്ടാണ്.സമൂഹത്തിന്റെ പണം കൊണ്ടാണ് ഒരു വിദ്യാർത്ഥി പഠനം നടത്തുന്നതെന്ന കാര്യം ഒരിക്കലും മറക്കരുത്.അതിനാൽ അവർ സമൂഹത്തിനു വേണ്ടി നിലകൊള്ളണം. തങ്ങൾക്ക് ലഭിക്കുന്ന വിജ്ഞാനം മറ്റുള്ളവർക്ക് പകർന്നു കൊടുക്കാൻ അച്ചടക്കബോധമുള്ള ഒരു വിദ്യാർത്ഥിക്ക് മാത്രമേ കഴിയൂ.ഈ വസ്തുതകൾ മനസ്സിലാക്കി ഓരോ വിദ്യാർത്ഥിയും ആത്മാർത്ഥമായി ശ്രമിച്ചാൽ കലാലയാന്തരീക്ഷം ആഹ്ലാദകരമാക്കാം.

ഷൈലജ .ആർ
എച്ച്.എസ്.എ
മലയാളം

# പഴഞ്ചൊല്ലുകൾ

പഴഞ്ചൊല്ലിൽ പതിരില്ല.

കടയ്ക്കൽ നനച്ചേ തലയ്ക്കൽ പൊടിക്കൂ.

അഴകുള്ള ചക്കയിൽ ചുളയില്ല.

മിന്നുന്നതെല്ലാം പൊന്നല്ല.

കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം.

പുകഞ്ഞകൊള്ളി പുറത്ത്.

വിനാശകാലേ വിപരീതബുദ്ധി.

സ്വയം നിന്ദ പാപം,സ്വയം ഹത്യ പോലെ.

ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.

കാക്ക കുളിച്ചാൽ കൊക്കാകുമോ.

കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയില്ല.

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

തല മാറുന്നെണ്ണ തേയ്ക്കരുത്.

പണത്തിനു മേലെ പരുന്തും പറക്കില്ല.

***ചവുട്ടിയാൽ കടിക്കാത്ത പാമ്പില്ല.***

***അൻസു 10 C***

## മത്സരിക്കാൻ ഒരു കമ്പ്യൂട്ടർ

വനവാസികളായിരുന്ന നമ്മുടെ പൂർവികർ കല്ലിൽ വെള്ളം വീഴുന്ന ശബ്ദം ദിക്ക് നോക്കി അവൻെറ അവാസസ്ഥാനം ഉറപ്പിച്ചു. മുളംകുറ്റിയിൽ വെള്ളം വിഴുന്ന ശബ്ദം കേട്ട് അവൻ സ്വരങ്ങളും ശബ്ദങ്ങളും തിരിച്ചറിഞ്ഞ് ആവിഷ്കരിച്ചു. കാലങ്ങൾ പലതും കടന്ന പോയി. ആഗ്നീയ ഊർജമായി ഉരുളൻ തടികളെ കൊണ്ട് ഊർജത്തെ ഉണിച്ചെടുത്തു . കല്ലുകളെ കൊണ്ട് എണ്ണം പറയിപ്പിച്ചു . അവന്റെ നീരിക്ഷണങ്ങൾ അവന്റെ തലച്ചോറിന് ചിന്തിക്കുവാനുള്ള കഴിവ് നൽകി. ചിന്താശേഷി വികസിച്ച് വന്നതിനോടൊപ്പം അവന്റെ ബുദ്ധിശക്തിയും ഉയരുവാൻ തുടങ്ങി . നിലവിൽ അവന്റെ തലച്ചോറിന്റെ ശരാശരി രണ്ടര ശതമാനാത്തോളം വികസിച്ച് കഴിഞ്ഞു . ഈ വികസനങ്ങൾ ഇന്നത്തെ സൂപ്പർ സോണിക്ക് കമ്പ്യൂട്ടറുകൾ വരെ എത്തി എന്തായിരുന്ന നമ്മളെ സൂപ്പർ സോണിക്ക് കമ്പ്യൂട്ടറിൽ എത്തിക്കാൻ പ്രേരിപ്പിച്ചത് ? നമ്മുടെ ഗവേഷണങ്ങളും നീരിക്ഷണങ്ങളും അല്ലേ. ഏതാണ്ട് 1520 വർഷങ്ങൾക്കുമുമ്പ് ജനിച്ച ആര്യഭടൻ തന്റെ നീരിക്ഷണ കലയിലൂടെ വൃത്തത്തെ കുറിച്ചും സൗരയൂഥത്തെ കുറിച്ചും പഠിപ്പിച്ചു മത്സരിക്കാൻ ഒരു കമ്പ്യൂട്ടർ

ഗവ.എച്ച്.എസ്.വള്ളിക്കീഴ്

ഓർക്കുക ചിന്താശേഷിയും ബുദ്ധിയും എല്ലാം ഗവേഷണനീരിക്ഷണങ്ങളിലൂടെയാണ്.

ഓർമ്മയിരിക്കട്ടെ ! .......................

***ആതിര ഹരി***



ഗവ.എച്ച്.എസ്.വള്ളിക്കീഴ്

# महत् वचन



“‘अहंकार मनुष्य का बहुत बडा दुश्मन है ।
वह सोने के हार को भी मिट्टी का बना देता है
।"


" माता - पिता की सेवा और उनकी आज्ञा का पालन
जैसा दूसरा धर्म कोई भी नही है ।"

" जननी और जन्म भूमि स्वर्ग से भी बढकर है ।"

*–महर्षि वाल्मीकि*

***गायत्रि.एस***

# महत् वचन



“‘जिसे पुस्तक पढने का शौक है ,

वह सब जगह सुखी रह सकता है ।"

“‘भक्त वह है , जो किसी से ईर्ष्या

नहीं रखता , वह दया का भंडार है ।"

**- महात्मा गांधी**

## रंजिनी. ओ



ഗവ.എച്ച്.എസ്.വള്ളിക്കീഴ്

വായനയിലൂടെ നേടുന്ന അറിവ് അമൂല്യമാണ്. വിവരസാങ്കേതിക വിദ്യയും സാഹിത്യ വാസനയും ഒന്നു ചേർന്ന കലാവിരുന്നുമായി കുട്ടികൾക്കൊപ്പം നന്ദിയോടെ. . . . . . . . .



MARY SHIJI E
IT CO-ORDINATOR



VIDYA V
KITE MISTRESS



SHYLAJA R
KITE MISTRESS

ഗവ.എച്ച്.എസ്.വള്ളിക്കീഴ്